# MGNREGS Social Audit Report

**ഉമ്മന്നൂർ**
**ഗ്രാമപഞ്ചായത്ത്**

## പൊലിക്കോട് വാർഡ് (വാർഡ് നമ്പർ 9)

**വെട്ടിക്കവല ബ്ലോക്ക് കൊല്ലം ജില്ല**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(MGNSASK)**
**2-ാം നില, സി.ഡബ്ല്യു.സി ബിൽഡിംഗ്സ്,**
**എൽ.എം.എസ് കോമ്പൗണ്ട്,പാളയം, വികാസ് ഭവൻ(പി.ഒ)**
**തിരുവനന്തപുരം-695033**

**ഫോൺ നമ്പർ : 04712724696.**

**ഇ-മെയിൽ: keralasocialaudit@gmail.com**

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെസംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് 2005 പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനു0 ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പ0 അതുവഴിനിഷ്കർഷിക്കുക പെട്ട ഗുണമേന്മയുള്ളതും സ്ഥിരമായിട്ട് ഉള്ളതുമായ ഉൽപാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. 2005 സെപ്റ്റംബർ അഞ്ചിനാണ് പാർലമെൻറ് തൊഴിലുറപ്പ് നിയമം പാസാക്കിയത് 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 100 ജില്ലകളിൽ പദ്ധതി ആരംഭിച്ചു കേരളത്തിൽ വയനാട് ജില്ലകളിലും പദ്ധതി വ്യാപിച്ചു കാലാകാലങ്ങളായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

## പദ്ധതിയുടെ സവിശേഷതകൾ

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- കരാറുകാരെ ഇടനിലക്കാരോ ഇല്ല .
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- പൊതുജനപങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്
- സ്ത്രീകൾക്ക് മുൻഗണന
- ഗ്രമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയുന്നു

## ഉമ്മന്നൂർ പഞ്ചായത്ത്

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് ഉൾപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ ഒന്നാണ് **ഉമ്മന്നൂർ** **പഞ്ചായത്തു.** വിശാലമായ ഏലാകളാല് സമൃദ്ധമായിരുന്ന ഉമ്മന്നൂര് പഞ്ചായത്ത്. നെല്ലിക്കുന്നം കടാട്ട് ഏലാ, വാളകം ഏല, അമ്പലക്കര ഏലാ, പൊലിക്കോട് ഏലാ, തേവന്നൂര് ഏല, കമ്പംകോട് ഏല തുടങ്ങി ഉമ്മന്നൂര് പഞ്ചായത്തിനെ കൃഷിസമൃദ്ധമാക്കിയ ഏലാകളില് പലതും ഇന്ന് തരിശുകിടക്കുന്നു. വ്യാപകമായ നിലംനികത്തല് അരങ്ങേറിയിട്ടുള്ള പഞ്ചായത്തുകളിലൊന്നാണ് ഉമ്മന്നൂര്. രാഷ്ട്രീയപ്രമുഖരുടേതുള്പ്പെടെയുള്ള ഏലകള് നികത്തപ്പെട്ടു. നികത്തല് ഇപ്പോഴും തുടരുന്നു. കുടുംബശ്രീ പ്രവര്ത്തനങ്ങള് മികച്ചരീതിയില് നടക്കുന്നു

കുടുംബശ്രീ കൂട്ടായ്മകള് കൃഷിരംഗത്തേക്കും കുടില്വ്യവസായങ്ങളിലേക്കും കടന്നത് ജനജീവിതത്തില് ഗുണകരമായ മാറ്റങ്ങള് വരുത്തിയിട്ടുണ്ട്. കുടിവെള്ളപ്രശ്നവും പ്രധാന റോഡുകളുടെ തകര്ച്ചയും പ്രശ്നങ്ങളാണ്.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ 19അം വാർഡ്ആയ പൊലിക്കൊ ഡ് വാർഡ് ആന്ന ഓഡിറ്റിനായിതിരഞ്ഞെടുക്കപ്പെട്ടത് . 176സജീവ് തൊഴിലാളികളാണ് ഈ വാർഡിൽ ഉള്ളത്.ഈ വാർഡഇൽ തൊഴിലുറപ്പ് പദ്ധതി പൂർത്തീകരിച്ച് 9 പ്രവർത്തികളുടെ ഫയലുകൾ പരിശോധിക്കുകയും പ്രവർത്തികൾ നടന്ന സൈറ്റുകൾ സന്ദർശിക്കുകയും ചെയ്തു വർക്കുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചിലവായ തുക | ആരംഭിച്ച തീയതി | അവസാന തീയതി |
|---|---|---|---|---|---|
| 342980 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെഭൂമിയിൽ ഭൂവികസനപ്രവർത്തികൾ | 355914 | 338962 | 9/7/18 | 9/11/18 |
| 362712 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 448866 | 423262 | 27.9.18 | 5.1.19 |
| 219505 | തോട് നവീകരണം . | 171207 | 168395 | 5.7.18 | 26.10.18 |
| 342979 | ചെറുകിട നാമമാത്ര കർഷകരുടെ | 353139 | 335871 | 9.7.18 | 12.10.18 |

| | | | | | |
|---|---|---|---|---|---|
| | കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | | | | |

| | | | | | |
|---|---|---|---|---|---|
| 384283 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 204179 | 99754 | 5.3.19 | 18.3.19 |
| 376392 | Sc/Bpl ഭൂവികസന പ്രവർത്തികൾ | 347077 | 329613 | 3.1.19 | 29.3.19 |
| 376397 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 321797 | 94697 | 21.2.19 | 29.3.19 |
| 339414 | Sc/Bpl ഭൂവികസന പ്രവർത്തികൾ | 137179 | 126731 | 27.11.18 | 2.2.19 |
| | | | | | |

### സോഷ്യൽ ഓഡിറ്റ്

പൊതു സമൂഹം പദ്ധതി നിർവഹണത്തെ പററിയും പൊതുധനം ചലെവഴിക്കുന്നതിനകുെറിച്ചുള്ള പരസ്യവും സ്വതന്ത്രവുമായി നടത്തുന്ന പരിശോധനയാണ് സോഷ്യൽ ഓഡിററ് . തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത് ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം സോഷ്യൽ ഓഡിററ് ഗ്രാമസഭ എല്ലാ വാർഡുകളിലും നിർബന്ധമായും നടത്തണേ്ടതാണ്. സുതാര്യത ഉറപ്പുവരുത്തി അഴിമതിരഹിതവും അതുവഴി സദ്ഭരണ സാധ്യമാക്കുന്നതിനും സോഷ്യൽ ഓഡിററ് സമൂഹത്തെ പാകപ്പടെുത്തിയിരിക്കുന്നു. തൊഴിലുറപ്പ് നിയമത്തിന്റെ 17 ( 2 )ൽ ആണ് സാമൂഹിക പരിശോധനയെ

കുറിച്ച് പ്രതിപാദിക്കുന്നത്. അത് പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ ഗുണഭോക്താക്കൾ ഗുണഭോക്താക്കളുടെ ജീവിത സാഹചര്യത്തിനു ഫലപ്രദമായ മാറ്റം സൃഷ്ടിക്കുന്നതിനു പൊതുപ്പണം ശരിയായ രീതിയിൽ വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചോ എന്ന് വിലയിരുത്തലിന് വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്

## രീതിശാസ്ത്രം.

- **സോഷ്യൽ ഓഡിറ്റ് സംഘംചേരൽ.**
- **പരിശോധന ഫയൽ.**
- **പ്രവർത്തി സ്ഥലപരിശോധന.**
- **വീടുവീടാന്തരം ഉള്ള വിവരശേഖരണം.**
- **തെളിവ് ശേഖരണം .**
- **സാമൂഹിക ബോധവൽക്കരണം.**
- **റിപ്പോർട്ട് തയ്യാറാക്കൽ .**
- **സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

## തൊഴിലാളികളുടെ അവകാശങ്ങൾ

**തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെയാണെന്ന് ചുവടെ ചേർക്കുന്നു .**

- **തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം.**
- **അപേക്ഷിച്ച 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള**

അവകാശവും ആയതിനാൽ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശവും.

- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.
- ഷെൽ ഒഫ്ഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം.
- 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.
- കുടിവെള്ളം വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ലഭിക്കാനുള്ള അവകാശം.
- 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുവാൻ ഉള്ള അവകാശം .
- വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം .
- പരാതി പരിഹാരത്തിനുള്ള അവകാശം.
- സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം .

പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ.

- അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ആയിരിക്കണം.
- 18 വയസ്സ് പൂർത്തിയായിരിക്കണം.
- ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കും.
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
- ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം.
- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ ഉള്ള തൊഴിലില്ലായ്മ വേതനം.
- തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം .
- മസ്റ്റർ റോൾ പൂർത്തീകരിച്ചു 15 ദിവസത്തിനകം കൂലി.
- കാലതാമസം ആകുന്ന ഓരോ ദിവസത്തിനും 0.5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം
- കുടിക്കാനുള്ള വെള്ളം പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം

## തൊഴിലാളികളുടെ കടമകൾ

- കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പുവെയ്ക്കുക
- തൊഴിലുറപ്പ് ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും. കൃത്യമായി പങ്കെടുക്കുക.
- .പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കതിക്കുവനൊപാടുള്ളതല്ല .
- സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവർത്തിയുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കേണ്ടതാണ്.
- പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുക.
- ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കണ്ടെത്തി പഞ്ചായത്ത് അധികൃതരെ അറിയിക്കുക .

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേണ്ട തരത്തിലുള്ള ആനുകൂല്യങ്ങൾ കുറിച്ചും അതുമായി ബന്ധപ്പെട്ട് ആവശ്യകതയെ കുറിച്ച് ഒരു വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കാൻ സാധിക്കും.ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വാസ്തുപരമായ കാര്യങ്ങൾ കവൈരിക്കാൻ നിങ്ങൾക്ക് ഏവർക്കും കഴിയട്ടെ.

## പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

- തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
- ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ,ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

- തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
- പ്രവർത്തി ലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- സ്ഥിര ആസ്തികളുടെ രജിസ്റ്റർ
- പരാതി രജിസ്റ്റർ
- സാധന രജിസ്റ്റർ

## 1. തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡ് രജിസ്റ്റർ പൂർണമായിരുന്നു എം ഐഎസിൽ നിന്നും രജിസ്റ്റർ ആയി തന്നെ സൂക്ഷിച്ചിരുന്നു .

## 2. ഗ്രാമസഭ രജിസ്റ്റർ

പൊതു ഗ്രാമസഭ രജിസ്റ്ററും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ രജിസ്റ്ററും ഒന്നുതന്നെയാണ ഒക്റ്റൊബെർ വരെ സൂക്ഷിച്ചിരുന്നത്. എന്നാൽ പഞ്ചായത്തിൽ പോയി അറിയിച്ചതിന് അടിസ്ഥാനത്തിൽ 2019 മുതൽ ഗ്രാമസഭയുടെ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് .

## 3.തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച എല്ലാ രേഖകളും എം ഐ എസിൽ നിന്നും പ്രിൻറ് എടുത്ത് സൂക്ഷിച്ചിട്ടില്ല .

## 4. വർക്ക് രജിസ്റ്റർ

വർക്ക് രജിസ്റ്റർ പൂർണമായിരുന്നു. എം ഐ എസ് ഇൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരുന്നു. പ്രവർത്തി ആരംഭിച്ചത് അതും അവസാനിച്ച തീയതി ബോധ്യപ്പെടുത്തിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രവർത്തികളും ഒരു വർക്ക് രജിസ്റ്റർ എന്ന

നിലയ്ക്കാണ് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. എം ഐ എസിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത കോപ്പി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു.

## 5.സ്ഥിര ആസ്തി രജിസ്റ്റർ.

**2017 വരെയുള്ള വ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഈ രജിസ്റ്ററിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തിട്ടില്ല .**

## 6.പരാതി രജിസ്റ്റർ .

**2012 മുതൽ ഉള്ള പരാതികളാണ് രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നത്. മൊത്തം 1.9.2018 വരെയുള്ള പരാതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതികൾക്ക് എല്ലാം പരിഹാരം ഉണ്ടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.**

## 7. മെറ്റീരിയൽ രജിസ്റ്റർ

**ജൂൺ വരെയുള്ള എല്ലാവർക്കും എൻറെയും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് രേഖകളാണ് രജിസ്റ്റർ ആയി എം ഐ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരിക്കുന്നത്**

**പഞ്ചായത്തിലെ തൊഴിലുറപ്പ് രജിസ്ടരുമായി ബന്ധപ്പെട്ട ലംഘനങ്ങൾ തൊഴിലുറപ്പു നിയമത്തിന് സെക്ഷൻ 25 പ്രകാരമുള്ള ഉള്ള ശിക്ഷാനടപടികൾ ക്ഷണിച്ച് വരുത്താൻ പര്യാപ്തമാണ്.**

## പ്രവർത്തി നിർവ്വഹണം

1. സൈറ്റ് ഡയറി.

പ്രവർത്തി സ്ഥലത്ത് നടക്കുന്ന പ്രത്യേക സംഭവങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടിയാണ് ആണ് ഡയറി സൂക്ഷിച്ചിരിക്കുന്നത്. പ്രവർത്തി പരിശോധിക്കാൻ എത്തുന്ന ഉദ്യോഗസ്ഥർ വി എം സി അംഗങ്ങൾ എന്നിവർ പ്രവർത്തിയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന പ്രത്യേക സംഭവങ്ങൾ അപകടങ്ങൾ മറ്റ് തടസ്സങ്ങൾ എന്നിവയും ഡയറി രേഖപ്പെടുത്തണമെന്നാണ് ആണ് വ്യവസ്ഥ .പരിശോധിച്ച് 9വർക്കുകളിലും സൈറ്റ് ഡയറി.
ഉണ്ടായിരുന്നു. കവർപേജ് പൂർണമായും പൂരിപ്പിചിരുന്നില്ല. ചികിത്സാ ചെലവ് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകൾ ഡയറിയിൽ കാണുവാൻ സാധിച്ചില്ല ല്തൊഴിലിടം സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തി.യിരുന്നില്ല. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളായി ഒപ്പിട്ട് അഞ്ച് അംഗങ്ങളും പൊതു പ്രവർത്തകരാണ് . എന്നാൽ പ്രവർത്തിയുടെ പ്രയോജനത്തെക്കുറിച്ച് പുതിയ നിർദ്ദേശങ്ങളെ കുറിച്ചും ഒന്നും തന്നെ ഡയറി രേഖപ്പെടുത്തിയിരുന്നില്ല . തൊഴിൽഉപകരണങ്ങളുടെ വാടക യുടെ മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടഇല്ല്. സന്ദർശന കുറിപ്പ് ഓവർസിയർ മാത്രമാണ് ആണ് ഒപ്പുവച്ചിരിക്കുന്നത് .തൊഴിലാളികൾക്ക് നൽകിയ നിർദേശങ്ങളെക്കുറിച്ച് അഭിപ്രായങ്ങളെ കുറിച്ചും കണ്ടെത്തിയ കാര്യങ്ങളെ കുറിച്ചും ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ല.

## 2. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി

ഓരോ വാർഡിലും അംഗീകരിച്ച 5 മുതൽ 7 പേരിൽ കുറയാത്ത ഒരു വിഎംസി ഉണ്ടായിരിക്കണം എന്നതാണ് വ്യവസ്ഥ. . പ്രവർത്തിയുടെ യുടെ വിവിധ ഘട്ടങ്ങളിലെ പുരോഗതി ഈ സമിതി വിലയിരുത്തുന്നതും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാവുന്നതാണ്. ഇതിൻറെ റിപ്പോർട്ട് വർക്ക് ഫയലുകളിൽ സൂക്ഷിക്കേണ്ടതും ഇത് ഭാവിയിലുള്ള ഗ്രാമസഭാ സോഷ്യൽ ഓഡിറ്റിങ് സഹായകമാകുന്നതാണ് .

## 3. എഫ് ടി ഓ - എം ബുക്ക് സംബന്ധിച്ചു

എഞ്ചിനീയർ മൊത്തം ഹാജരും കൂട്ടി നോക്കി മസ്റ്റ് റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ ചെയ്ത പ്രവർത്തികൾ അളന്നു രേഖപ്പെടുത്തുകയും അതിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വാലുവേഷൻ സർട്ടിഫിക്കറ്റ് ഉണ്ടാക്കി കൂലി നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കണമെന്ന് താണ് വ്യവസ്ഥ. പരിശോധിച്ച് 9 ഫയലുകളിലും പ്രവർത്തികൾ അളന്ന് തിട്ടപ്പെടുത്തിയത് ആയി കാണുവാൻ സാധിച്ചില്ല. എന്നാൽ ഫീൽഡിൽ നിന്ന് അറിയാൻ കഴിഞ്ഞത് പ്രവർത്തികൾ അളക്കുന്നതിന് കൃത്യമായ മാനദണ്ഡം പാലിച്ചിരുന്നില്ല എന്നതാണ്. ഓരോ മസ്റ്റർ കഴിയുമ്പോഴും കൃത്യമായി അളക്കാതെയാണ് ക്ലോസ് ചെയ്തു വാലുവേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു .ഫണ്ട് ട്രാൻസ്ഫർ തയ്യാറാക്കുന്നതിന് മുന്നേ പ്രവർത്തികൾ അളന്ന് തിട്ടപ്പെടുത്തുകയും അത് കൃത്യമായി എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 4 . സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

പ്രവർത്തി സ്ഥലത്തെ പ്രവർത്തിയെ സംബന്ധിച്ച് ലഘുവായ വിവരങ്ങളടങ്ങിയ തും സാധാരണക്കാരായ ആയ ഏതൊരു വ്യക്തിക്കും മനസ്സിലാകുന്ന ഭാഷയിൽ എഴുതിയതുമായ ഒരു ബോർഡ് ഉണ്ടായിരിക്കണം എന്നതാണ് .ചട്ടം.പ്രവർത്തി ആരംഭിക്കുന്ന സമയത്ത് തന്നെ തൊഴിലിടങ്ങളിൽ സ്ഥാപിക്കുന്ന അധികാരികരഖേയാണ് സിററിസൺ ഇൻഫർമഷേൻ ബോർഡ് . പരിശോധിച്ച് 9 പ്രവർത്തി സ്ഥലങ്ങളിൽ, 5 സ്ഥലങ്ങളിൽ ആനു ബോർഡുകൾ വച്ചിരിക്കുന്നു. ഈ ബോർഡുകൾ

എല്ലാം തന്നെ തൊഴിലാളികളിൽ നിന്ന് പിരിച്ചെടുത്ത പൈസ ഉപയോഗിച്ച് വാങ്ങിയതാണ് .. ഈ ബോഡി നായി ചിലവായ തുക കൾ ഇതുവരെയും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

## 5. ആസ്തി സൃഷ്ടിക്കൽ.

വിവിധ സർക്കാർ വികസന പദ്ധതികളുടെ വിവിധ ഘട്ടങ്ങളെ സമന്വയിപ്പിച്ച് പരമാവധി ആസ്തി സൃഷ്ടിക്കാനും അതുവഴി ശരിയായ വികസനം സാധ്യമാക്കുകയും വേണം എന്നതാണ് വ്യവസ്ഥ.എന്നാൽ പരിശോധിച്ച് 9 ഫയലുകളിൽ ഒന്നും തന്നെ യാതൊരു ആസ്തിയും സൃഷ്ടിച്ചതായി കാണാൻ കഴിഞ്ഞില്ല .എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽഭൂ വികസനമെന്ന 8 വർക്കുകളിലെ മഴകുഴിയും മൻകൈയാലയും ചെയ്തത് മൂലം ഒരു പരിധിവരെ പൊലും ജലക്ഷാമത്തിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞതുട്ടില്ല എന്നാണ്ഭൂഉടമകലിൽ നിന്നും അറിയാൻ കഴിഞ്ഞത്.

## 6 സന്ദർശന കുറിപ്പ്.

പ്രവർത്തി പരിശോധിക്കാൻ എത്തുന്ന ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗ്രന്ഥശാല ,ക്ലബ് ഭാരവാഹികൾ എന്നിവർക്ക് പ്രവർത്തി സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താം. 11 വർക്കുകളുടെ സന്ദർശനം കുറിപ്പുകളിലും ഓവർസിയറും വാർഡ് മെമ്പറും മാത്രമാണ് ഒപ്പുവച്ചിരിക്കുന്നത്.

## 7. ഹെൽപ്പ് ലൈൻ

കൊല്ലം ജില്ലയിലെ ഹെൽപ്പ് ലൈൻ നമ്പർ(1800 425 7800) പ്രവർത്തിക്കുന്നതായാണ് ബോധ്യപ്പെട്ടത് എന്നാൽ തൊഴിലാളികൾക്ക് ഇതിനെക്കുറിച്ച് അറിവുള്ള തായി അറിയാൻ കഴിഞ്ഞില്ല.

## കണ്ടെത്തലുകളും നിർദ്ദേശങ്ങളും

- തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ഒരു ധാരണയുമില്ല
- **ഉടമകൾ ഉൾപ്പെടെ 173 തൊഴിലാളികൾ ഉള്ളതിൽ 30 തൊഴിലാളികൾക്ക് മാത്രം ആണ് നൂറ് തൊഴിൽദിനം ലഭിച്ചതു.ഇതിൽ കൂടുതൽപേരും ഒരു കുടുംബത്തിൽ നിന്ന് രണ്ട് പേർ ജോലിക്ക് വരുന്ന വരാനു. ഇത് നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.**
- തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ അവകാശമായി അല്ല അവർ കാണുന്നത്, മേറ്റു നൽകുന്ന ഒരു ഔദാര്യം എന്നാണ് തൊഴിലാളികൾ മനസ്സിലാക്കുന്നത്.
- മാർച്ചിനുശേഷം ഇതുവരെയും 6 ജോലിവീതം മാത്രമെ പഞ്ചായത്ത് അനുവദിച്ചു കൊടുത്തിട്ടുല്ലു എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്. പഞ്ചായത്തിൽ തൊഴിലിനു വേണ്ടി അപേക്ഷ നൽകി മാസങ്ങളോളമായി എന്നാണ് മേറ്റിൽ നിന്നും അറിയാൻ കഴിഞ്ഞത്. പക്ഷേ കൈപ്പറ്റ് രസീത് വാങ്ങിയിട്ടില്ല. അത് വാങ്ങണം എന്ന കാര്യം അവർക്ക് അറിയില്ലായിരുന്നു എന്നാണ് മേറ്റു പറഞ്ഞത്.
- തൊഴിലാളികൾ എല്ലാവരും തന്നെ പ്രഗൽഭരായI കാണപ്പെടുമെങ്കിലും അവർ കണ്ടെത്തിയിരിക്കുന്ന മിക്ക തൊഴിലുകളും പഞ്ചായത്ത് ഏറ്റെടുത്തു നടത്താറില്ല എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ

കഴിഞ്ഞത്.

- **മാർച്ച് വരെ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കാലതാമസം വരുത്തുകയും മാർച്ച് ആകുമ്പോഴേക്കും വലിയ എസ്റ്റിമേറ്റ് തുക നൽകി തൊഴിലുകൾ ഏറ്റെടുത്തു നടത്തുകയും അത് കുറച്ച് മാത്രം ചെലവാക്കുകയും ബാക്കി തുക ചെലവാകാതെ പോവുകയും ചെയ്യുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത് .ഇതുനിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.**
- **സമയമ ബന്ധിതമായി പ്രോജക്ടുകൾ തയ്യാറാക്കുകയും രേഖകൾ സംഘടിപ്പിക്കുന്നതിനും കഴിയുന്നില്ല എന്ന് മാത്രമല്ല അംഗീകാരം കിട്ടിയ പ്രോജക്ടുകൾ പോലും പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് പ്രത്യേകം നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്**
- ക്രിയാത്മക ചർച്ചകളിലൂടെ തൊഴിലാളികളുടെ പരമ്പരാഗത അറിവിനെ പ്രയോജനപ്പെടുത്തി അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കേണ്ടത്
- തൊഴിലുറപ്പു നിയമം മം തൊഴിലാളികൾക്ക് ഉറപ്പുനൽകുന്ന തൊഴിൽ സൗകര്യങ്ങളായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമായി എന്ന് ബോധ്യപ്പെട്ട അവർ ഉറപ്പുവരുത്തണം.
- നിയമപ്രകാരം ഉടമകൾ അവരുടെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കാൻ

അപേക്ഷ നൽകുകയും അത് പ്രകാരം അവർക്ക് ചെയ്തു കൊടുക്കുകയാണ് ചെയ്തത്. പരിശോധിച്ച പ്രവർത്തികളിൽ ഉടമകൾ എല്ലാം തന്നെ ഒരു ദിവസം ജോലി ചെയ്തതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

- പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് ആ പ്രദേശത്ത് ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ആണ് എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.
- ഒരു മഴക്കുഴി യുടെ കാലാവധി 3 വർഷം ആണെന്നിരിക്കെ അത് ചാണകം, വാഴ, തെങ്ങ്, ചെപ്പുചെവറുകൾ എന്നിവയ്ക്കുള്ള കുഴികൾ ആയിട്ടാണ് കാണാൻ സാധിച്ചത്.
- ഒരു ടൈപ്പും മഴക്കുഴികൾ മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നത് എന്നാൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത് അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്നു വലുതും ചെറുതുമായ മഴക്കുഴികൾ ആണ്
- തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ 260 വർക്കുകൾ ചെയ്യാമെന്നിരിക്കെ സോഷ്യൽ ഓഡിറ്റ് ഫോറം പ്രകാരം കാണാൻ കഴിഞ്ഞത് മണ്ണ് ജല സംരക്ഷണ പ്ര പ്രവർത്തികൾ മാത്രമാണ്.
- എസ്റ്റിമേറ്റ് പറയുന്ന രീതിയിലായിരുന്നില്ല

ബണ്ടുകളുടെ നിർമ്മാണം

- എസ്റ്റിമേറ്റ് പ്രകാരം മന്നു കയ്യാല ഉണ്ടായിരുന്നെങ്കിലും വളരെ കുറച്ചു മാത്രമാണ് കാണാൻ കഴിഞ്ഞത്.
- സാമൂഹിക സന്നദ്ധ സംഘടനകളുടെയും എൻജിഒ യുടെയും പങ്കാളിത്ത എങ്ങും തന്നെ കാണാൻ കഴിഞ്ഞില്ല.
- പദ്ധതി ആസൂത്രണത്തിന് വേണ്ട പരിശീലനം തൊഴിലുറപ്പ് സ്റ്റാഫുകൾക്ക് മറ്റ് മാർക്കും നൽകേണ്ടിയിരിക്കുന്നു

## എം ഐ എസ് ഫോർമാറ്റ്.

സോഷ്യൽ ഓഡിറ്റ് മായി ബന്ധപ്പെട്ട ഫോർമാറ്റുകൾ ആയ 2,2ബി, 3,4എന്നിവ പരിശോധിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ ഫോർമാറ്റുകൾ പൂരിപ്പിക്കുകയും ചെയ്തു. ഫയലിലെ രേഖകൾ തന്നെയാണ് എം ഐ എസിൽ കാണാൻ കഴിഞ്ഞത്.

## അവകാശാധിഷ്ഠിത നിഷേധങ്ങൾ

- തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് വ്യക്തിപരമായ അപേക്ഷ പഞ്ചായത്തിൽ കൊടുക്കാം എന്നും അറിയാമായിരുന്നിട്ടും കൂടെ എല്ലാ തൊഴിലാളികളും കളും മെറ്റിന്റെ സഹായത്തോടെ ഗ്രൂപ്പ്

ആയിട്ടാണ്അപേക്ഷ നൽകിയിരിക്കുന്നത് . ചുരുക്കം ചില തൊഴിലാളികൾക്ക് അവകാശത്തെക്കുറിച്ച് അറിവില്ലായിരുന്നു. പഞ്ചായത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സമ്മർദ്ദം മൂലമാണ്ഗ്രൂപ്പ് ആയിഅപേക്ഷ നൽകുന്നതെന്ന് തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ഇത് വഴി തൊഴിലാളികളുടെ തൊഴിൽ അപേക്ഷിക്കാനുള്ള ഉള്ള അവകാശമാണ് ആണ് നിഷേധിക്കപ്പെട്ടത്.

- **തൊഴിലാളികൾ അവകാശപ്പെട്ട 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം നൽകണമെന്ന് നിയമം നിലനിൽക്കുന്ന തൊഴിലാളികൾക്ക് ഈ നിയമത്തെക്കുറിച്ചുള്ള അറിവു, അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിച്ചതായി കാണാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള തൊഴിലാളികളുടെ അവകാശമാണ് നിഷേധിച്ചിരിക്കുന്നത്.**
- **തൊഴിൽ അപേക്ഷിച്ചിട്ടുണ്ട് ദിവസങ്ങളോളം**

കാത്തു നിൽക്കണ്ടേ അവസ്ഥയാണ് ആണ് തൊഴിലാളികൾക്ക് ഉള്ളത് . പഞ്ചായത്തിൽ നിന്ന് വിവരങ്ങൾ തിരക്കുമ്പോൾ പുതിയ ജോലികൾ ഒന്നും ആയിട്ടില്ല എന്ന് പറഞ്ഞു തിരിച്ചയക്കുകയാണ് പതിവ്. നാല് ഗ്രൂപ്പുകൾ ജോലിക്കായി കാത്തിരിക്കുകയാണ് എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.

- തൊഴിൽ കാർഡ് എടുക്കുന്നതിന്തുക തൊഴിലാളികളിൽ നിന്നും ചലെവായിട്ടുണ്ട് അത് തിരികെ നൽകണ്ടേതുണ്ട്. എന്നാൽ മേൽ പറഞ്ഞ തൊഴിലാളികൾക്ക് ഒന്നും തന്നെ ചിലവായ തുകതിരികെ ലഭിച്ചിട്ടില്ല.
- എം ജി എൻ ആർ ഇ ജി യെ നിയമപ്രകാരം തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം തണലൊരുക്കാൻ ഉള്ള ടാർപ്പാളിൻ, പ്രഥമശുശ്രൂഷ കിററ് എന്നിവ നൽകണ്ടേതുണ്ട്. എന്നാൽ തൊഴിലാളികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നും തന്നെ കൊടുക്കുന്നതായി കാണുവാൻ

കഴിഞ്ഞിട്ടില്ല. **ടാർപാളഇൻ മറ്റെർമർ സ്വന്തം പൈസെ കൊടുത്ത് വാങ്ങിയതാണ് എന്നാണ്അറിയാൻ കഴിഞ്ഞത്. വാടകയായി ഒരു ദിവസം 20 രൂപ എന്ന ക്രമത്തിൽ എഴുതി പഞ്ചായത്തിൽ കൊടുക്കാറുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത് .എന്നാൽ ഇതിന്റെഒന്നും തന്നെ പൈസെ ഇതുവരയെും ആരുടെ അക്കൗണ്ടിൽ എത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്** . കുടിവെള്ളം അടുത്തുള്ള വീടുകളിൽ നിന്നും മറ്റേ് എത്തിക്കുകയാണ് പതിവ്. ഒരു മുറിവ് വന്നാൽ കൂടെ ഉപയോഗിക്കാൻ പറ്റിയ മരുന്നുകളൊന്നും തന്നെ അവരുടെ പക്കൽ ഇല്ല എന്നതും പ്രഥമശുശ്രൂഷ കിറ്റ് എന്നത് നിയമത്തിൽ മാത്രം നിൽക്കുന്ന ഒന്നായി മാത്രമാണ് കാണാൻ കഴിഞ്ഞത്. പ്രഥമ **ശുശ്രൂഷ കിറ്റ് വാങ്ങുന്ന ബില്ല് പഞ്ചായത്തിൽ കൊടുത്താൽ അനുബന്ധ ചെലവ് പഞ്ചായത്തിൽ നിന്നും ലഭിക്കഇല്ല എന്നുപറഞ്ഞ്ഉ അതിനാലാണ് ആണ് അവർ അത് വാങ്ങാത്തത് . എന്നാൽ നരേത്തെ കൊടുത്ത അനുബന്ധ ചിലവുകളുടെ പൈസെയൊന്നും തന്നെ അവർക്ക് ലഭിച്ചിട്ടില്ല എന്നാണ് പരാതി .**

- തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ വച്ച് അപകടം സംഭവിച്ചാൽ അവരുടെ ആശുപത്രി ചെലവ, ആശുപത്രിയിൽ

കൊണ്ടു പോകുന്നതിനുള്ള വണ്ടിക്കൂലിയും നൽകണ്ടേതുണ്ട്. എന്നാൽ **പണി സൈറ്റിൽ വച്ച് അപകടം പറ്റിയ 3** തൊഴിലാളികൾക്കു ആശുപത്രിയിൽ കൊണ്ടു പോയ **വണ്ടിക്കൂലിയും ആശുപത്രി ചിലവുകൾ ഉൾപ്പടെയുള്ള ബില്ലുകൾ പഞ്ചായത്തിൽ നൽകിയങ്കെിലും ഇതുവരയെും അവർക്ക് ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത് ഇതലെ്ലാം തന്നെ തൊഴിലാളികൾ** സ്വന്തം കയ്യിൽ നിന്നാണ് എടുത്തിട്ടുള്ളത്.

- നിയമപ്രകാരം 5 കിലോമീറ്റർ അപ്പുറം ജോലി ചെയ്യുകയാണങ്കെിൽ തൊഴിലാളികൾക്ക് 10% യാത്ര കൂലി നൽകണ്ടേതാണ്. അങ്ങനെ യാത്രാക്കൂലി ലഭിക്കുമന്നെും ഉള്ള തൊഴിലാളികളുടെ അവകാശത്തകെ്കുറിച്ച് അവർക്ക് അറിയില്ലായിരുന്നു. വിശദാംശങ്ങളടങ്ങി സിറ്റിസൺ ബോർഡ് തൊഴിലിടങ്ങളിൽ സ്ഥാപിക്കണമന്നൊണ് നിയമം . **9 വർക്കുകൾ ഉള്ളതിൽ 5 സൈറ്റിൽ മാത്രമാണ് ബോർഡ് കാണുവാൻ കഴിഞ്ഞത്.** .എന്നാൽ എല്ലാ സൈറ്റിലും തൊഴിലാളികളിൽനിന്ന് പിരിച്ചടെുത്താണ് ബോർഡ് വച്ചിരിക്കുന്നത്. ഈ പൈസ ഇതുവരയെും പഞ്ചായത്തിൽനിന്നും മറ്റേിന്റെ അക്കൗണ്ടിൽ എത്തിയിട്ടില്ല എന്നാണ് മറ്റേിമാരിൽ നിന്നും തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.

- മരുന്നു വാങ്ങ്ങുന്ന ബില്ലുകൾ ; ഫോട്ടോയെടുക്കുന്ന ബില്ലുകൾ , ഫോട്ടോ കോപ്പി എടുക്കുന്നതിനു ചലെവുകൽ, വണ്ടിക്കൂലിക്ക്ഉല്ല ചിലവുകൾ കൾ ഇവയൊന്നും കിട്ടുന്നില്ല എന്നാണ് മറ്റേുമാരുടെ പരാതി
- കാലാനുസൃതമായതും തൊഴിലാളികളുടെ ആവശ്യപ്രകാരം ഉള്ള ജോലികൾ അല്ല നൽകുന്നതെന്ന് പരാതിയുയർന്നിട്ടുണ്ട് . തൊഴിലാളികൾക്ക് നല്ല ട്രയിനുകളും ബോധവൽക്കരണ ക്ലാസുകളും ചയ്യുന്നതിലൂടെ നമ്മുടെ ഭരണസംവിധാനങ്ങൾ കൂടുതൽ സുതാര്യമാക്കുവാൻകഴിഉം. അതിലൂടയെും തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമാകും.

## പൊതു നിർദ്ദേശങ്ങൾ.

- **തൊഴിലാളികൾക്ക് വർഷത്തിൽ 100 പണിക്കുള്ള അപേക്ഷ ഒരുമിച്ചു നൽകാൻ പ്രരേിപ്പിക്കണം. ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം .തീയതി രഖേപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകണം**
- **പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നു**

എന്ന് ഉറപ്പാക്കണം.

- പദ്ധതി നടത്തിപ്പുമായി ബന്ധ പ്പെട്ട എല്ലാ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥര്‍ പറ്റുന്നത്ര പ്രവര്‍ത്തി സ്ഥലങ്ങളില്‍ കൃത്യമായി സന്ദര്‍ശിച്ചു ഇരിക്കണേ്ടതാണ്.
- വി എംസി അംഗങ്ങള്‍ അവരുടെ ചുമതലകള്‍ കൃത്യമായി നിര്‍വഹിക്കുന്നവര്‍ ആയിരിക്കണം. ഒരു സ്വതന്ത്ര ഓഡിററിംഗ് സമിതിയായി വളരണേ്ടതുണ്ട്.
- സുതാര്യത ഉറപ്പാക്കാന്‍ എല്ലാ പ്രവര്‍ത്തി സ്ഥലത്തും സി ഐ ബി സ്ഥാപിച്ചിരിക്ക ണം.
- പങ്കാളിത്ത സമീപനം പദ്ധതി ആസൂത്രണത്തില്‍ കര്‍ഷകരയെും തൊഴിലാളികളയെും പൊതുസമൂഹത്തയെും ഉള്‍പ്പടെുത്താന്‍ കഴിയണം.
- ജനകീയ എസി മറേ്റ് തയ്യാറാക്കുവാനും അത് തൊഴിലാളികള്‍ക്ക് ലഭ്യമാക്കുകയും അവരെ പറഞ്ഞു മനസ്സിലാക്കുകയും വണേം
- തൊഴിലാളികള്‍ക്ക് സുരക്ഷാ ഉപകരണങ്ങള്‍ പഞ്ചായത്തുതലത്തില്‍ വാങ്ങി സൂക്ഷിക്കുകയും ഇവ തൊഴിലാളികള്‍ക്ക് ലഭ്യമാകുന്നു ഉണ്ടോ എന്ന്

ഉറപ്പുവരുത്തുകയും ചെയ്യണം

- മറ്റേ് മാരെ തിരഞ്ഞെടുക്കുമ്പോൾ വിവേചനം പാടില്ല
- പ്രകൃതിവിഭവ പരിപാലനത്തിന് പ്രാധാന്യം നൽകി വേണം പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ
- മേറ്റു മാർക്കും ബിഎംസി അംഗങ്ങൾക്കും സമയബന്ധിതമായി പരിശീലനം നൽകണം.
- ജൈവ സമ്പത്ത് വർധിപ്പിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കണം
- സ്ത്രീസൗഹൃദ പണിയായുധങ്ങൾ ആണെന്ന് ഉറപ്പാക്കണം

## അനുബന്ധങ്ങൾ

### അനുബന്ധം 1 (ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ)

**കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെ പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്**

1. **കവർപേജ്**
2. **ചെക്ക് ലിസ്റ്റ്**
3. **ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

4. സാങ്കേതിക എസ്റ്റിമേറ്റ് ഡിസൈനും അടങ്ങിയ പുതിയ സാങ്കേതിക അനുമതിയുടെ കോപ്പി.
5. ഭരണാനുമതി യുടെ സാമ്പത്തിക അനുമതിയുടെയും കോപ്പി
6. കൺവർജൻസ് വിശദാംശങ്ങൾ
7. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
8. അനുവദിച്ചു കൊണ്ടുള്ള നോട്ടീസ് കോപ്പി
9. പൂരിപ്പിച്ച മാസ്റ്റർ റൊൾ കോപ്പി
10. മെഷർമെൻറ് ബുക്കിന്റെ കോപ്പി.
11. സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിൽ കംപാരറ്റീവ് സ്റ്റേറ്റ്മെൻറ് മെറ്റീരിയൽസ് സപ്ലൈ ഓർഡർ കോപ്പി
12. വേജസ് ലിസ്റ്റ്
13. വേതന ത്തിൻറെ സാധനങ്ങൾക്ക് പണമടച്ച അതിൻറെ എഫ് ടി കോപ്പി
14. മെറ്റീരിയൽ വൗച്ചർന്റെയും ബില്ലുകളുടെ യും കോപ്പി
15. റോയൽറ്റി അടച്ച രസീത് കോപ്പി
16. മൂന്ന് ഘട്ടങ്ങളായുള്ള ഉള്ള തൊഴിൽ ഫോട്ടോകൾ
17. പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് കോപ്പി
18. മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്
19. ആസ്തി ഉദാ ജിയോ ടാഗ് ഫോട്ടോസ്
20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി
21. സൈറ്റ് ഡയറി
22. മറ്റ് അനുബന്ധ രേഖകൾ

## കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള ഒരു കവർ പേജ്

4ഫയലിൽമത്രമാന കാണാൻ കഴിഞ്ഞത്. കവർ പേജിൽ പ്രവർത്തിയുടെ പേര് ആരംഭിച്ച തീയതി, അവസാനിച്ച തീയതി, എസ്റ്റിമേറ്റ് തുക ,ചിലവായ തുക., ഭരണാനുമതി നമ്പർ , സാങ്കേതികാനുമതി നമ്പർ, പഞ്ചായത്തിൻറെ പേര് അവാർഡിന് പേര് എന്നിവ കാണാൻ സാധിച്ചു ..

## ചെക്ക് ലിസ്റ്റ്

ഒരു പ്രവർത്തി ഫൈയലിൽ ഏതൊക്കെ രേഖകൾ എവിടെ ഏത് പേജു മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച് 9 ഫയലുകളിൽ5 ഫയലുകലിൽ മത്രമാന ചെക്ക് ലിസ്റ്റ് പകർപ്പ് ഉണ്ടായിരുന്നു.

## ആക്ഷൻ പ്ലാൻ ഇൻറെ കോപ്പി

ഒരു പ്രവർത്തി പഞ്ചായത്തിൽ നടപ്പുവർഷത്തിൽ അനുവദിക്കണമെങ്കിൽ എങ്കിൽ അത് ആക്ഷൻ പ്ലാനിൽ ഉണ്ടായിരിക്കണം. നടന്ന പ്രവർത്തി ആക്ഷൻ പ്ലാനിൽ ഉണ്ട് എന്ന് തെളിയിക്കുന്നതിന് വേണ്ടി ആക്ഷൻ പ്ലാനിന് കോപ്പി കൂടി ഫയലിൽ സൂക്ഷിക്കണ 0 ..പരിശോധിച്ച് എല്ലാ ഫയലുകളിലും ആക്ഷൻ പ്ലാനിന് കോപ്പിയും യും ഗ്രാമസഭാ തീരുമാനത്തിന് കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

## എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ ഏതളവിൽ ചെയ്യണമെന്ന് എന്ന് സാങ്കേതികമായി പ്രതിപാദിപ്പിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധിച്ച് ഫയലുകളിലും എസ്റ്റിമേറ്റു സൂക്ഷിചിരുന്നു സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിലുള്ള വിശദമായ എസ്റ്റിമേറ്റും സൂക്ഷിചിരുന്നില്ല.

## സാങ്കേതിക അനുമതി

ഒരു പ്രവർത്തിക്കു സാങ്കേതികവിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ഉള്ള ആധികാരിക രേഖയാണ് അനുമതിരേഖ . മുഴുവൻ ഫയലുകളും സാങ്കേതിക അനുമതിരേഖ .സൂക്ഷിച്ചിരുന്നു. സാങ്കേതിക അനുമതിരേഖ രേഖകൾ സാങ്കേതികവിദഗ്ധരുടെ ഓപ്പോ,സി1 തീയതി

എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**ഭരണാനുമതി രേഖ.**

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ. എല്ലാ ഫയലുകളും സൂക്ഷിച്ചിരുന്നു. കമ്പ്യൂട്ടറിൽ നിന്ന് എടുത്ത കോപ്പിയാണ് ഫയലിൽ സൂക്ഷിക്കുന്നത് .അതിൽ നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. ഭരണാനുമതി ലഭിക്കുന്നതിനു സമർപ്പിച്ചിരിക്കുന്ന ഗ്രാമസഭ തീരുമാനത്തിന്റെ കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

**ഡിമാൻഡ് ഫോറം**

തൊഴിലാളി തൊഴിൽ ആവശ്യപ്പെടുന്നതിന്റെ അപേക്ഷയാണ് ഡിമാൻഡ് ഫൊർമ്. ആവശ്യപ്പെട്ടു 15 ദിവസത്തിനുള്ളിൽ ഉള്ളിൽ ജോലി നൽകിയോ എന്ന് അറിയുന്ന രേഖയാണ്. മെറ്റ് തൊഴിലിനായി അപേക്ഷ നൽകിയിരിക്കുന്ന ഫോമാണ് ആണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഫോമിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് കൊടുത്തതായി കാണാൻ കഴിഞ്ഞില്ല.

**വർക്ക് അലോക്കേഷൻ ഫോറം**

പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ്. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ ജോലി ലഭിച്ചോ എന്നറിയാൻ ഈ ഫോറം സഹായിക്കും .. ഷെഡ്യൂൾ വൺ പാര 2 ഷെഡ്യൂൾ 2 പാര 14,21 എ എം സി ചാപ്റ്റർ 4.2 പ്രകാരം വർക്ക് അനുവദിച്ചുകൊണ്ടുള്ള ഫോറം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഫോറം ഫയലുകളിൽ സൂക്ഷിച്ചിരുന്നില്ല.

മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് മാസ്റ്റർ റോൾ. ഷെഡ്യൂൾ വൺ പാര 1, 5 ജി പ്രകാരമുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോളുകൾ ഫയലിൽ കാണാൻ സാധിച്ചു . സെക്രട്ടറി,

ബി.ഡി.ഓ  എന്നിവരുടെ ഒപ്പം തീയതിയും രേഖപ്പെടുത്തിയിരുന്നു. മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു

മെഷർമെൻറ് ബുക്ക്

ഒരു പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് എപ്രകാരം ആണ് എന്നും മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച് എല്ലാ ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷർമെൻറ് ബുക്ക് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

പ്രവർത്തി പൂർത്തീകരിക്കുന്നതിന് വിവിധ ഘട്ടങ്ങളിലെ തുക ആകുമ്പോഴും ഒടുവിൽ പ്രവർത്തിക്കു അനുവദിച്ച തുക പ്രകാരമുള്ള ആകെത്തുക അനുവദിക്കുമ്പോഴും മെഷർമെൻറ് ബുക്കിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഒപ്പും സീലും എന്നിവ പതിപ്പിച്ചിരിക്കണം **എന്നാൽ എല്ലാ എം ബുക്കുകളും സക്രെട്ടറി** ഒപ്പും സീലും **ചെയ്തതായി കാണാൻ കഴിഞ്ഞില്ല .**

വെജ് ലിസ്റ്റ്

മസ്റ്റർ റോളിനു ആനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വെജ്ജ ലിസ്റ്റ്.. പരിശോധിച്ച് എല്ലാ ഫയലുകളിലും ലിസ്റ്റ് കാണാൻ സാധിച്ചു

ഫണ്ട് ട്രാൻസ്ഫർ ഓഡർ

മസ്റ്റർ റോളും, വേജ്ജ ലിസ്റ്റിനു അനുസരിച്ച് തൊഴിലാളിക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പരിശോധിച്ച് എല്ലാ ഫയലുകളിലും ഫണ്ട് ട്രാൻസ്ഫർ ഓർഡർ കാണാൻ

കഴിഞ്ഞു .

ഫോട്ടോഗ്രാഫ്

ഒരു പ്രവർത്തി തുടങ്ങുന്നതിനുമുമ്പേ പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ശേഷവുമുള്ള മൂന്ന് ഘട്ടങ്ങളുള്ള ഫോട്ടോ പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിരിക്കനം .എന്നാൽ3 **പ്രവർത്തികൾക്ക് മാത്രമാണ് ആണ് ഫോട്ടോകൾ ഫയലിൽ കാണാൻ കഴിഞ്ഞത്.** ജിയോ ടാഗ് ഫോട്ടോസ് ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തി പൂർത്തീകരിച്ചത് രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷിപത്രം. എന്നാൽ പരിശോധിച്ച് ഫയലുകളിൽ എല്ലാം തന്നെ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം **എന്നാൽ പൂരിപ്പിച്ച് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം 3 ഫയലുകളിൽ മാത്രമാണ് കാണാൻ കഴിയുന്നത്..**

മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മാസ്റ്റർ റോൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളിലും ഏതൊക്കെ തീയതികളിൽ എന്ത് നടന്നു എന്ന് മനസ്സിലാക്കുന്നതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്. പരിശോധിച്ച് എല്ലാ ഫയലുകളിലും ഇത് കാണാൻ സാധിച്ചു . **എന്നാൽ ഇവ പൂർണ്ണമായി പൂരിപ്പിച്ച് ആയിരുന്നില്ല സൂക്ഷിച്ചിരുന്നത്**

സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. പരിശോധിച്ച് എല്ലാ ഫയലുകളും സൈറ്റ്ഡയറി കാണാൻ കഴിഞ്ഞു .തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ, ചികിത്സാസഹായം സംബന്ധിച്ചുള്ള രേഖകൾ എന്നിവ ഒഴിച്ച് ബാക്കി എല്ലാ പേജുകളും അപൂർണ്ണമായും പൂരിപ്പിച്ച് ഇരുന്നു .സന്ദർശന കുറിപ്പിൽ വാർഡ് മെമ്പറും ഓവർസിയർ മാത്രമാണ് സന്ദർശിചിരിക്കുന്നതു.

## അനുബന്ധം 2 (വർക്ക് സൈറ്റിൽ പ്രവർത്തി നെരിട്ട് പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ)

| | |
|---|---|
| **പ്രവർത്തിയുടെ പേര്** | **തോട് നവീകരണം** |
| **പ്രവർത്തിയുടെ കോഡ്** | 219505 |
| **പ്രവർത്തി ആരംഭിച്ച തീയതി** | 5.7.18 |
| **പ്രവർത്തി അവസാനിപ്പിച്ച് തീയതി** | 26.10.18 |
| **എസ്റ്റിമേറ്റ് തുക** | 171207 |
| **ചെലവായ തുക** | 168325 |
| **തൊഴിൽ ദിനം** | 595 |

**12 തൊഴിലാളികൾ ചേർന്ന് 585 തൊഴിൽദിനങ്ങൾ ഉപയോഗിച്ചാണ് ചെറുകോട് നവീകരിച്ചത്. കൃത്യമായ രീതിയിൽ ആണ് ഈ ചെറു തോട് നവീകരണം നടന്നിട്ടുള്ളത്. ഈ ചെറുതോടിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ഈ നവീകരണം ഏറെ സഹായിച്ചിട്ടുണ്ട്. ഈ തോട് നവീകരണം സമീപത്തെ കൃഷിക്ക് ഏറെ സഹായകരമായിട്ടുണ്ട്.എന്നാൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടി തൊഴിലാളികളുടെ അടുത്തു നിന്ന് പണം പിരിച്ചതായി അറിയാൻ സാധിച്ചു. ഇവരിൽ നിന്ന് 100 രൂപ വീതമാണ് പിരിച്ചെടുത്തത്.ഈ 1200 രൂപ രൂപ ഇതുവരെയും പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല .**

2.

| | |
|---|---|
| പ്രവർത്തിയുടെ പേര് | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 376387 |
| പ്രവർത്തി ആരംഭിച്ച തീയതി | 21.2.19 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 29.2.19 |
| എസ്റ്റിമേറ്റ് തുക | 321797 |
| ചെലവായ തുക | 94697 |
| തൊഴിൽ ദിനം | 337 |

വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | പേര് | മഴക്കുഴി | മൺ കയ്യാല |
|---|---|---|---|
| 1 | സുശീലൻ | 56 | 100മീറ്റർ |
| 2 | ശാന്തമ്മ | 25 | 80 |

## മഴക്കുഴികൾ

ഭൂഉടമയുടെ പറമ്പിൽ എടുത്ത് മഴക്കുഴികൾ എല്ലാം തന്നെ റബ്ബർ തോട്ടങ്ങളിൽ ആണ് എന്നാൽ കുഴികൽ പറഞ്ഞ് അളവുകൾ കാണാൻ സാധിച്ചില്ല. അതിൽ പാതിയും മാലിന്യങ്ങൾ നിറഞ്ഞു കിടക്കുകയാണ് . ഇത് കൂടാതെ തന്നെ മിക്ക കുഴികളിലും ചേനയും ചേമ്പും വച്ച് പിടിച്ചിരിക്കുകയാണ്. റബ്ബറിന്റെ വേരിനെ ബാധിക്കുന്നതിനാൽ അത്രയും

മഴക്കുഴികൾ എടുത്തിട്ടില്ല. സുശീലൻ റെ പുരയിടത്തിൽ 14 മഴക്കുഴികൾ ആണ് കഴിഞ്ഞ സാമ്പത്തികവർഷം എടുത്തിട്ടുള്ളത്. 32 മഴക്കുഴികൾ നിർമ്മിച്ചിരിക്കുന്നത് ഇപ്പോഴാണ്നി. കൃത്യമായ അളവിൽ അല്ല ഈ കുഴികൾ നിർമ്മിച്ചിട്ടുള്ളത് മാത്രമല്ല റബ്ബറിന്റെ പുരയിടത്തിലാണ് എടുത്തിട്ടുള്ളത്. സ്പിൽ ഓവർ ഇല്ലാത്ത ഈ പ്രവർത്തികളിൽ വീണ്ടും ചെയ്തു എന്തിനെന്നറിയില്ല തൊഴിലാളികളുടെ അറിവില്ലായ്മയും നിർവഹണ ഉദ്യോഗസ്ഥരുടെ കാര്യമായ ഇടപെടൽ ഇല്ലാത്തതാണ് ഇതിനു കാരണം. കൂലിയില്ലാതെ തൊഴിലാളികലെ കൊണ്ടു ജോലി ചെയ്യുന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. മഴക്കുഴി നിർമാണത്തിലൂടെ ലക്ഷ്യമിട്ട് ജലക്ഷാമം പരിഹാരം എന്ന ലക്ഷ്യം നേടാൻ ഇതുമൂലം കഴിഞ്ഞിട്ടില്ല

## മൺ കയ്യാല

രണ്ടു പുരയിടങ്ങളിൽ ആയി ചെയ്തു മൺകലങ്ങൾ എല്ലാം തന്നെ കൃത്യമായ അളവിൽ ആണ് കാണാൻ കഴിയു ഞു. ഈ കയ്യാലകൾ എല്ലാം തന്നെ സ്ഥിര ആസ്തികൾ ആയി തന്നെ നില നിൽക്കുന്നത്

3

| | |
|---|---|
| പ്രവർത്തിയുടെ പേര് | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 342980 |
| പ്രവർത്തി ആരംഭിച്ച തീയതി | 9.7.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 9.11.18 |
| എസ്റ്റിമേറ്റ് തുക | 355914 |
| ചെലവായ തുക | 338962 |
| തൊഴിൽ ദിനം | 1202 |

പ്രവർത്തി സ്ഥലത്തും നേരിട്ട് പരിശോധിച്ച് കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| പരേ് | മഴക്ക്കുഴി | മൺ കയ്യാല | തട്ടു തിരിക്കൽ |
|---|---|---|---|
| തമ്പി | 10 | 10മിറ്റ്ർ | |
| ജെസ്സി | 25 | 100മീറ്റെർ | |
| കുഞ്ഞുമൊൽ | 20 | 15മിറ്റ്ർ | |
| വിജയൻപില്ല | 124 | 50മിറ്റ്ർ | 60മിറ്റ്ർ |
| കൊചുകുഞ്ഞു | 10 | 65മിറ്റ്ർ | |
| ഷെർലി | 20 | 200മിറ്റ്ർ | |
| പ്രകാഷ് | 264 | 220മിറ്റ്ർ | 35മിറ്റ്ർ |

മഴക്ക്കുഴി

എസ്റ്റിമേറ്റ് പ്രകാരം 700 മഴക്കുഴികൾ ആണ് ഉണ്ടായിരുന്നത് എന്നാൽ ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത് 473 മഴക്കുഴികൾ ആണ്. മഴവെള്ള സംരക്ഷണത്തിനായി നിർമ്മിക്കപ്പെട്ട മഴ കുഴികളുടെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്. അവ മണ്ണിറങ്ങിയുംകാടു കയറുകയും ചെയ്തു . മൂന്നു വർഷമാണ് ഇവ നിലനിൽക്കേണ്ടത് , മെറ്റ്മാർ പറഞ്ഞ അളവ് മഴക്കുഴി എണ്ണത്തിൽ ഉണ്ടായിരുന്നില്ല . വിജയൻ പിള്ള എന്ന വ്യക്തിയുടെ വസ്തുവിലെ മഴക്കുഴികൾ ഭൂരിഭാഗവും വാഴനട്ട് അവസ്ഥയിലായിരുന്നു.

മൺ കയ്യാല

പ്രധാനമായും മണ്ണൊലിപ്പ് തടയാൻ ആണ് മൺ കയ്യാല

നിർമ്മിക്കപ്പെട്ടിട്ടുള്ളത്. 60 ശതമാനം മൺ കയ്യാല ഇപ്പോഴും പ്രവർത്തി സ്ഥലത്ത് നിലനിൽക്കുന്നുണ്ടായിരുന്നു. എല്ലാം തന്നെ .6 അളവിലാണ് ആണ് ചെയ്തിട്ടുള്ളത്. എല്ലാം തന്നെ കൃത്യമായ അളവിൽ ആയിരുന്നു

തട്ട് തിരിക്കൽ

പുരയിടങ്ങൾ തട്ട്തിരിക്കുന്ന പ്രവർത്തിയും യും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. മഴവെള്ളത്തെ പിടിച്ചു നിർത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ചെയ്ത ഈ പ്രവർത്തി വസ്തു അനുസരിച്ച് ചില ഇടങ്ങളിൽ മാത്രമാണ് ചെയ്തിരുന്നത്. അത് രണ്ടും മൂന്നും തട്ടുകളായാണ് ഇവ തിരിച്ചിരുന്നത്. എല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട് ഉണ്ട് .

4.

| | |
|---|---|
| പ്രവർത്തിയുടെ പേര് | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 362712 |
| പ്രവർത്തി ആരംഭിച്ച തീയതി | 27.9.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 5.1.19 |
| എസ്റ്റിമേറ്റ് തുക | 448866 |
| ചെലവായ തുക | 423262 |
| തൊഴിൽ ദിനം | 1502 |

വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു

| പേര് | മൺ കയ്യാല | മഴക്കുഴി കി | കിളച്ച് ത് | |
|---|---|---|---|---|
| രത്നമ്മ | 100മിറ്റെർ | 84 | 94സെന്റ് | |
| പൊന്നമ്മ | 200മിറ്റ്ർ | 40 | 70സെന്റ് | |
| ഐഷാബീവി | 100മിറ്റ്ർ | 90 | 40 | |

| | | | | |
|---|---|---|---|---|
| റീജ | 80 | 60 | 90 | |
| നബീസത്ത് | 60 | 50 | 72 | |
| സുകുമാരൻ | 70 | 17 | 69 | |
| ഗിരിജ | 100 | 40 | 50 | |
| സബിത | 60 | 40 | 43 | |
| ചന്ദ്രിക | 600 | 64 | 85 | |
| ആനന്ദവല്ലി | | 18 | 80 | |
| സുജാത | 150 | 50 | 100 | |
| | | | | |

**മൺ കയ്യാല**

**എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞ അളവിൽ കൂടുതലും ചിലയിടങ്ങളിൽ കുറവുമായി ആണ് കാണാൻ സാധിച്ചത് . ചിലയിടങ്ങളിൽ ശക്തിയായി മഴവെള്ളം വീണതിനാൽ കയ്യാല ഇടിഞ്ഞു പോയിട്ടുണ്ടായിരുന്നു. നല്ല ഉയരത്തിലാണ് കയ്യാല മുഴുവനും നിർമ്മിച്ചിട്ടുള്ളത്.**

**മഴക്കുഴി**

**മഴവെള്ള സംരക്ഷണത്തിനായി നിർമ്മിക്കപ്പെട്ട മഴക്കുഴികൾ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാം തന്നെ കാണാൻ സാധിച്ചു .കുറച്ച്** മഴക്കുഴി

**അടുത്ത കാലഘട്ടത്തിൽ നിർമ്മിച്ചത് ആയിട്ടാണ് കാണാൻ കഴിഞ്ഞത്.**

കട്ടി മണ്ണ് കിളച്ച്

എസ്റ്റിമേറ്റിൽ പറഞ്ഞ രീതിയിൽ തന്നെ പുരയിടങ്ങൾ കൃഷിക്ക് അനുയോജ്യം ആക്കി കൊടുത്തിരിക്കുന്നത് ആയി കാണാൻ കഴിഞ്ഞു.

മുരളീധരൻപിള്ള കുരുവിള വീട് എന്ന ഭൂവുടമയുടെ പുരയിടത്തിൽ വർക്ക് ചെയ്തുകൊണ്ടിരുന്നപ്പോൾ മേരി എന്ന തൊഴിലാളി ക് അപകടം പറ്റിയിരുന്നു കയ്യിൽ നിന്നാണ് ഇതിനുവേണ്ട പൈസ ചെലവായത്. പഞ്ചായത്തിൽ ബിൽ കൊടുത്തിട്ടുണ്ട്. അതിൻറെ തുക ഇതുവരെയും ലഭിച്ചിട്ടില്ല .

5

| | |
|---|---|
| പ്രവർത്തിയുടെ പേര് | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 342979 |
| പ്രവർത്തി ആരംഭിച്ച തീയതി | 9.7.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 12.10.2018 |
| എസ്റ്റിമേറ്റ് തുക | 353139 |
| ചെലവായ തുക | 335871 |
| തൊഴിൽ ദിനം | 1191 |

വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു

| പരേ് | മഴക്കുഴി | മൺ കയ്യാല | |
|---|---|---|---|
| ജോർജ് | 28 | 51 | |
| തുളസീധരൻ പിള്ള | 93 | 90 | |
| സാവത്രി | 84 | 80 | |

| | | | |
|---|---|---|---|
| ഓമന അമ്മ | 15 | 20 | |
| കമലമ്മ | 7 | 25 | |
| വത്സല<br><br>ജ•ോയിക്കുട്ടി | 50 | 130 | |
| ശ്യാമള | 34 | 97 | |
| ശിവശങ്കരപ്പ്പിള്ള | 132 | 130 | |

**മഴക്കുഴികൾ എസ്റ്റിമേറ്റിൽ നിന്നും കുറവുണ്ടായിരുന്നു. വർക്കുകളിൽ എല്ലാം വീണ്ടും ചെയ്യുതായാണ് കാണാൻ സാധിച്ചത. ഉള്ള മൺ കയ്യാലകൾ അളവിലും കൂടുതൽ കാണാൻ സാധിച്ചു. എന്നാൽ മഴക്കുഴി എടുത്തിട്ടുണ്ടെങ്കിലും കാട്ടുപിടിച്ചു കിടക്കുന്നതായി കാണാൻ സാധിച്ചില്ല. മൺ കയ്യാലകൾ എല്ലാംതന്നെ എന്നെ 1.2; .6 അളവുകളിൽ ഉയരമുള്ള ആയിരുന്നു കുറച്ച് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട് . വാഴ ചേന ചേമ്പ് എന്നിവയാണ് കൃഷി ചെയ്യിരിക്കുന്നത്.**

6.

| | |
|---|---|
| **പ്രവർത്തിയുടെ പേര്** | **ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം** |
| **പ്രവർത്തിയുടെ കോഡ്** | 384283 |
| **പ്രവർത്തി ആരംഭിച്ച തീയതി** | 5.3.19 |
| **പ്രവർത്തി അവസാനിപ്പിച്ച് തീയതി** | 18.3.19 |
| **എസ്റ്റിമേറ്റ് തുക** | 204179 |
| **ചെലവായ തുക** | 99754 |
| **തൊഴിൽ ദിനം** | 354 |

| | |
|---|---|

സൈറ്റിൽ നേരിട്ട് പരിശോധന നടത്തി കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | മൺ കയ്യാല | മഴക്കുഴി | കിളച്ച് ത |
|---|---|---|---|
| മഞ്ജു | 80 | 35 | |
| മുരളീധരൻപിള്ള | 100 | 30 | 40 |
| സരസ്വതി അമ്മ | 50 | 30 | 150 |

മൺ കയ്യാലകളും മഴ കുഴികളും ഏകദേശം കൃത്യമായ അളവിൽ തന്നെയാണ് ചെയ്തിരിക്കുന്നത് .എന്നാൽ മഴക്കുഴി കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. മഴക്കുഴികൾ ഏകദേശം തൊണ്ടിന് ചേനേ ചമ്പ് എന്നിവ കാണാൻ കഴിഞ്ഞത്. നല്ല ഉയരത്തിലുള്ള ആയതുകൊണ്ട് സ്ഥിരം മയി നിലനിൽക്കുന്നുണ്ട്,

7

| | |
|---|---|
| പ്രവർത്തിയുടെ പേര് | SC/BPLഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 376392 |
| പ്രവർത്തി ആരംഭിച്ച തീയതി | 3.1.19 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 29.3.19 |

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 347077 |
| ചെലവായ തുക | 329613 |
| തൊഴിൽ ദിനം | 1173 |

**വർക്ക് സൈറ്റിൽ നേരിട്ട പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ.**

| പരേ് | മഴക്കുഴി | മൺ കയ്യാല |
|---|---|---|
| സദാശിവൻ | 10 | 20 |
| ഗീതാകുമാരി | 8 | 30 |
| ഗീതാ | 6 | 25 |
| ശാലിനി | 19 | 25 |
| ബി ജഗ | 10 | 20 |
| ഷീബ | 10 | 10 |
| കമലമ്മ | 18 | 45 |
| വത്സല അമ്മ | 20 | 51 |
| സരസ്വതി അമ്മ | 18 | 45 |
| ഓ മനാമ | 10 | 40 |
| നന്ദകുമാർ | 25 | 45 |
| ലിനി | 80 | 25 |
| സരസ്വതി | 15 | 45 |
| ചന്ദ്രമതി അമ്മ | 40 | 20 |
| സുമ കുമാരി | 11 | 30 |

| | | |
|---|---|---|
| പങ്കജാക്ഷി | 20 | 35 |
| വിജയകുമാരി | 5 | 20 |

**മഴക്കുഴി**

**പ്രധാനമായും മഴക്കുഴികൾ നിർമ്മിക്കുന്നത് മഴവെള്ളം സംഭരിക്കാൻ ആണ് .ചില മഴ കുഴികളിൽ വേസ്റ്റ് ചിലതിൽ കൃഷിക്കായി ഉപയോഗിച്ചിട്ടുണ്ട്. മണ്ണ് വീണ മൂടപ്പെട്ട നിലയിൽ കാണാൻ സാധിച്ചു .**

**മൺ കയ്യാല**

**മൺ കയ്യാല എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിട്ടുള്ളത് കൂടുതൽ കാണാൻ സാധിച്ചു. നല്ല ഉയരത്തിലാണ് ചില മൺ കയ്യാല നിർമ്മിച്ചിട്ടുള്ളത് .ചിലതുപൊക്കം കുറഞ്ഞതായി കാണപ്പെട്ടു.**

8

| | |
|---|---|
| **പ്രവർത്തിയുടെ പേര്** | **ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം** |
| **പ്രവർത്തിയുടെ കോഡ്** | 376397 |
| **പ്രവർത്തി ആരംഭിച്ച തീയതി** | 5.3.19 |
| **പ്രവർത്തി അവസാനിപ്പിച്ച് തീയതി** | 25.3.19 |
| **എസ്റ്റിമേറ്റ് തുക** | 298215 |
| **ചെലവായ തുക** | 104532 |
| **തൊഴിൽ ദിനം** | 327 |

**വർക്ക് സൈറ്റിൽ നേരിട്ട് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ**

ചേർക്കുന്നു

| | | |
|---|---|---|
| പേര് | മഴക്കുഴി | മൺ കയ്യാല |
| ബാബു | 64 | 200 |

ബാബു എന്ന ഭൂവുടമയ്ക്ക് മാത്രമാണ് മഴക്കുഴിയുംമൺ കയ്യാല യും യും ചെയ്തിരിക്കുന്നത് . എന്നാൽ കൃത്യമായ അളവിലും വെള്ളം കെട്ടി നിൽക്കുന്ന രീതിയിലാണ് ചെയ്തിരിക്കുന്നത്

9.

| | |
|---|---|
| പ്രവർത്തിയുടെ പേര് | SC/BPLഭൂവികസനം |
| പ്രവർത്തിയുടെ കോഡ് | 339414 |
| പ്രവർത്തി ആരംഭിച്ച തീയതി | 27.11.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 2.2.19 |
| എസ്റ്റിമേറ്റ് തുക | 137179 |
| ചെലവായ തുക | 126731 |
| തൊഴിൽ ദിനം | 451 |

വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പേര് | മഴക്കുഴി | മൺ കയ്യാല |

| | | |
|---|---|---|
| **പൊന്നമ്മ** | | 50മിറ്റ്ർ |
| **പരമശേ്വരൻ** | 15 | 60 |
| **വിശ്വംഭരൻ** | 10 | 40 |
| **കൊച്ചു കുഞ്ഞു** | 10 | 40 |
| **പ്രകാശ്** | 20 | 53 |
| **ഷീജ** | | 23 |
| **ഷൈല ബീവി** | 16 | |
| **ഷേർലി** | 4 | 10 |
| **നീലകണ്ഠൻ** | 20 | 60 |
| **ബാലൻ** | 20 | 50 |

മഴക്കുഴി

മഴവെള്ള സംരക്ഷിക്കുന്നതിനായി നിർമ്മിക്കപ്പെട്ട മഴക്കുഴികൾ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്. മൂന്ന് വർഷം നിലനിൽക്കേണ്ട ഈ മഴ കുഴികളിൽ ഇതിൽ വാഴ ചേന ചേമ്പ് തുടങ്ങിയ നട്ട്തയിണ് കാണാൻ കഴിഞ്ഞത്. മഴക്കുഴികൾ എടുക്കുന്നതിന് ഉദ്ദേശ ത്തെക്കുറിച്ച് കുറച്ച് ഉടമകൾ ബോധവാന്മാരല്ല എന്നതാണ് ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത്.

മൺ കയ്യാല

പ്രധാനമായും മണ്ണൊലിപ്പ് തടയാൻ ആണ് മൺ കയ്യാലകൾ നിർമ്മിക്കപ്പെടുന്നത്. 75% അത് ഇപ്പോഴും സ്ഥലത്ത് നിലനിൽക്കുന്നുണ്ട് .എല്ലാം തന്നെ.6 പോയിൻറ് അളവിൽ ആണ് ചെയ്തിരിക്കുന്നത്.

തട്ട് തിരിക്കൽ

തട്ടതിരിക്കൻ പ്രവർത്തി മൂലം മഴവെള്ളത്തെ പിടിച്ച നിർത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും സഹായകമാകും . പ്രവർത്തികളെല്ലാം തന്നെ നല്ല ഗുണനിലവാരമുള്ളപ്രവർത്തികൾ ആയിട്ടാണ് കാണാൻ കഴിഞ്ഞത് .

കിളച്ച മണ്ണ്

കാർഷിക ആവശ്യങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ മണ്ണ് കിളച്ച കൊടുത്തു .പുരയിടങ്ങളിൽ മൺകയ്യാല, ഭൂമി തട്ടതിരിക്കൽ എന്നീ പ്രവർത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് വളർന്നുകിടക്കുന്ന കുറ്റിക്കാടുകൾ മുൾച്ചെടികളും നീക്കംചെയ്തു.

## ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

തൊഴിലുറപ്പ് പദ്ധതിയുടെ അവകാശ അവലോകന ഗ്രാമസഭയ്ക്ക് മുന്നോടിയായി പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ എല്ലാം വിളിച്ച ചേർത്തു ഒരു ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടത്തുകയുണ്ടായി. അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതായിരുന്നു ചർച്ചയുടെ പ്രധാനലക്ഷ്യം

98 തൊഴിലാളികളുള്ള ഗ്രാമപഞ്ചായത്തിൽ ഏകദേശം 78 തൊഴിലാളികൾ ഈ ചർച്ചയിൽ പങ്കെടുത്തു. 2008 ആണ് ഗ്രാമപഞ്ചായത്ത്ഈ പദ്ധതി ആരംഭിക്കുന്നത്. 12 വർഷത്തോളമായി ഈ പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്നവരും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അടുത്ത സമയത്ത് ജോലി തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് തന്നെയായിരുന്നു മുൻഗണന വിരലിലെണ്ണാവുന്ന പുരുഷന്മാർ മാത്രമാണ് ചർച്ചയിൽ പങ്കെടുത്തത്. 90% പ്രായംചെന്നവർ ആയിരുന്നു

- ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിലെ 19 വാർഡിൽ തൊഴിൽകാർഡ് അപേക്ഷിച്ച് 18 വയസ് പൂർത്തിയായവർക്കും 15 ദിവസത്തിനകം തന്നെ തൊഴിൽ കാർഡ് ലഭിച്ചതായി അറിയാൻ സാധിച്ചു.
- തൊഴിലാളികൾക്ക് ക്ക് അപേക്ഷ നൽകാം എന്ന് അറിയാമായിരുന്നിട്ടും

കൂടി അവർ മെറ്റിന്റെ സഹായത്തോടെയാണ് തൊഴിൽ അപേക്ഷ നൽകിയിരുന്നത്. അതുകൊണ്ട് തൊഴിലാളിയുടെ കൈവശം പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന കൈപ്പറ്റ് രസീതു ഉണ്ടായിരുന്നില്ല. അതുകൊണ്ട് 14 ദിവസത്തിനകം ജോലി ലഭിക്കണം എന്നുള്ള അവകാശമാണ് ലംഘിക്കപ്പെടുന്നത്.

- തൊഴിലിടം സൗകര്യങ്ങളായ കുടിവെള്ളം, പ്രഥമശുശ്രൂഷ കിറ്റ്, തണൽ എന്നിവ ഉണ്ടായിരിക്കേണ്ട തു തൊഴിലാളികളുടെ അവകാശമാണ് എന്നാൽ തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് കുടിവെള്ളം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നാണ്. എന്നാൽ മറ്റേ് മാർ എല്ലാവരും തന്നെ എന്നെ സ്വന്തം ചിലവിൽ ടാർപോളിൻ വാങ്ങുകയും പ്രഥമ ശുശ്രൂഷ കിറ്റ്വവാങ്ങുകയും ചെയ്യുന്നുണ്ട് . ടാർപ്പപോളിൻ വാടകയിനത്തിൽ ഒരുദിവസത്തെ 20 രൂപ എന്ന ക്രമത്തിൽ ബില്ലിട്ട് പഞ്ചായത്തിൽ നൽകുന്നുണ്ടെന്നും എന്നും പ്രഥമശുശ്രൂഷ കിറ്റ് വാങ്ങിയതിനുള്ള അനുബന്ധ ചെലവുകൾ പഞ്ചായത്തിൽ കൊടുക്കുന്നുണ്ട് എന്നും ഇതിനെ ഒന്നും തന്നെ പൈസ അവർക്ക് ലഭിക്കുന്നില്ല എന്നതാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്
- തൊഴിലിടങ്ങളിൽ വെച്ച് മൂന്ന് തൊഴിലാളികൾക്ക് അപകടം പറ്റിയിട്ടുണ്ട് എന്നും അവർക്ക് ചിലവായ

പൈസെ ഉൾപ്പടെയുള്ള ബില്ലുകൾ പഞ്ചായത്തിൽ കൊടുത്തിട്ടുണ്ടെന്ന് എന്നും ഇതിനൊന്നും തന്നെ ഒരു പൈസപോലും പഞ്ചായത്തിൽനിന്ന് ഇതുവരെ ലഭിച്ചിട്ടില്ല എന്നാണ് തൊഴിലാളികളിൽ നിന്നും മറ്റുമാരിൽ നിന്നും അറിയാൻ കഴിഞ്ഞിതു.

- തുടർച്ചയായും ജോലി ലഭിക്കുന്നില്ല എന്നും രണ്ട് മസ്ട്രൊൽ കഴിഞ്ഞാൽ പല കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുകയാണ് ചെയ്യുന്നത് എന്നും അതുകൊണ്ട് 100 തൊഴിൽ ദിനങ്ങളും ഞങ്ങൾക്ക് ലഭിക്കുന്നില്ല എന്നും ഞങ്ങളുടെ ഉപജീവനമാർഗമാണ് എന്നുമനുതൊഴിലാളികളും പറഞ്ഞത്

## സോഷ്യൽ ആഡിറ്റ്പങ്കെടുത്തവർ

1) ഷൈനി വി എസ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ,
   വെട്ടിക്കവല, കൊല്ലം
2) സലീനാ ബീഗം
3) അനീഷാ എം.
4) അക്ഷര യമുനാ
5) ഗായത്രി കെ. ആർ

## സഹായിച്ചവർ

1) പഞ്ചായത്ത് പ്രസിഡന്റ്
2) പഞ്ചായത്ത് സമിതി അംഗങ്ങളും ജീവനക്കാരും
3) കൊല്ലം ജെ.പി.സി, വെട്ടിക്കവല ബി.ഡി.ഒ , ജോയിന്റ് ബി. ഡി. ഒ & പഞ്ചായത്ത് സെക്രട്ടറി
4) മേറ്റുമാരായ അംബിക, ഉഷ, ബീന,ഷീല, ശാന്ത & തൊഴിലാളികളും
5) ശ്രീ പീറ്റർ പ്രദീപ് , ജില്ലാ റിസോഴ്സ് പേഴ്സൺ, സോഷ്യല് ഓഡിറ്റ് കൊല്ലം
6) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളാ ടീം

**Gramsabha Meeting Minutes**

